(ബി) ഇത് എന്നത്തേക്ക് വിതരണം ചെയ്തു കൊടുക്കാനാണ് ഉദ്ദേശിയ്ക്കുന്നത് ;

(സി) വിതരണത്തിനുള്ള സ്ഥലങ്ങളെ സംബന്ധിച്ച് നിയമ തടസ്സം ഉള്ളവ എത്ര ; എവിടെയെല്ലാം ;

(ഡി) എത്രകാലമായി വിതരണം മുടങ്ങിക്കിടക്കുന്നു;

(ഇ) ഇതുമൂലം ബോർഡിന് എന്തു തുക പിരിഞ്ഞു കിട്ടാതിരിയ്ക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(എഫ്) വിതരണത്തിനുള്ള ഭൂമി സംബന്ധമായ കേസ്സുകൾ തീർത്ത് അവ വിതരണം ചെയ്യാൻ എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) 55 വികസിത പ്ലോട്ടുകൾ വിതരണത്തിനായി ഓഫർ ചെയ്തിട്ടുണ്ട്. ആവശ്യമനുസരിച്ച് ഭവന നിർമ്മാണ ബോർഡ് വിതരണം നടത്തി വരുന്നു.

(സി) 29 സെയിൽ പ്ലോട്ടുകൾ. നാലാഞ്ചിറ (തിരുവനന്തപുരം)

(ഡി) ഏഴ് മാസത്തോളമായി.

(ഇ) ഏകദേശം 310 ലക്ഷം രൂപ.

(എഫ്) ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പാക്കിയ ശേഷം ഭൂമി വിതരണത്തിനുള്ള നടപടി ബോർഡ് സ്വീകരിയ്ക്കുന്നതാണ്. ഈ കേസുകൾ തീർപ്പാക്കുന്നതിന് ബോർഡ് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ ഭൂമി പതിച്ചു കൊടുത്ത നടപടി

180. [949] ശ്രീ. ചെർക്കളം അബ്ദുള്ള :

„ സി. മോയിൻ കുട്ടി :

„ സി. മമ്മൂട്ടി :

„ ടി. പി. എം. സാഹിർ :

„ പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് സർക്കാർ ഭൂമി പതിച്ചു കൊടുത്തു ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പടുത്തുമോ ;

(സി) മുൻ ഗവൺമെന്റ് എത്ര പേർക്ക് സർക്കാർ ഭൂമി പതിച്ചുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ചു വരുന്നു.

റവന്യൂ കുടിശ്ശിക

181. [950] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ കുടിശ്ശിക ഇനത്തിൽ മൊത്തം എത്ര കോടി രൂപ സർക്കാരിന് പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ കോടതിയിൽ നിലവിലുണ്ടെന്ന് അറിയിയ്ക്കാമോ ;

(സി) കോടതി സ്റ്റേ ചെയ്തിരിക്കുന്ന കേസുകളിൽ മൊത്തം എത്ര കോടി രൂപ കുടിശ്ശികയായി ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കേസുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ലാന്റ് റവന്യൂ വകുപ്പിൽ 31-5-2005 വരെ റവന്യൂ കുടിശ്ശിക ഇനത്തിൽ ആകെ 151.04 കോടി രൂപ (സ്റ്റേയിൽ ഉൾപ്പെട്ട തുക ഉൾപ്പെടെ) പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) 31-5-2005 വരെ 10,434 കേസ്സുകൾ നിലവിലുണ്ട്.

(സി) 26.32 കോടി രൂപ.

(ഡി) റവന്യൂ റിക്കവറി കേസുകൾ മാത്രം കൈകാര്യം ചെയ്യാൻ ഒരു സ്പെഷ്യൽ ബഞ്ച് സ്ഥാപിച്ചുകിട്ടുന്നതിന് അഭ്യർത്ഥന നടത്താനും, കാലപ്പഴക്കം ചെന്ന വൻതുകകൾ ഉൾപ്പെട്ട കേസുകൾക്ക് മുൻഗണന നൽകി അവയ്ക്ക് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്ത് കേസ് തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാനും 27-5-2005-ൽ അഡ്വക്കേറ്റ് ജനറലും, ജില്ലാ കളക്ടർമാരും ഗവൺമെന്റ് പ്ലീഡർമാരുമായി കൂടിയ ജോയിന്റ് മീറ്റിംഗിൽ തീരുമാനമെടുത്തിട്ടുണ്ട്.

തലശ്ശേരി നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് പട്ടയം

182. [951] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി നഗരസഭ കണ്ടിജന്റ് ജീവനക്കാർക്ക് പതിച്ചു നല്കിയ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly